# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര

### കാർഷിക നിർദ്ദേശക ബുള്ളറ്റിൻ

### തൃശ്ശൂർ

**Email: kauagmet@yahoo.co.in, cohagmet@kau.in**

**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

**എ.എ.എസ് 07/18(13), ചൊവ്വാഴ്ച** **തീയ്യതി 12.02.2018**

**കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:** കഴിഞ്ഞ ആഴ്ച്ച വെള്ളാനിക്കരയിൽ മഴ 5.2 മി.മീ ലഭിച്ചു. ഏറ്റവും ഉയർന്നതാപനില 34.4 മുതൽ 36.8 ഡിഗ്രി സെൽഷ്യസും ഏറ്റവും കുറഞ്ഞതാപനില 21.6 മുതൽ 23.9 ഡിഗ്രി സെൽഷ്യസും, രാവിലത്തെ അന്തരീക്ഷ ആർദ്രത 66 മുതൽ 95 ശതമാനം വരെയും, ഉച്ചത്തെ അന്തരീക്ഷ ആർദ്രത 28 മുതൽ 55 ശതമാനം വരെയും ആയിരുന്നു. കാറ്റിന്റെ വേഗത മണിക്കൂറിൽ 2.7 മുതൽ 6.9 കിലോമീറ്ററും, സൂര്യ പ്രകാശത്തിന്റെ അളവ് ദിനം പ്രതി 5.0 മുതൽ 10.2 മണിക്കൂറും, ബാഷ്പീകരണം ദിനം പ്രതി 3.5 മുതൽ 5.3 മില്ലി.മീറ്റർ വരെയും ആയിരുന്നു.

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 13.02.2018 | 14.02.2018 | 15.02.2018 | 16.02.2018 | 17.02.2018 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 0 | 0 | 0 | 0 | 3 |
| ഉയർന്ന താപനില (°C ) | 36 | 36 | 36 | 36 | 36 |
| കുറഞ്ഞ താപനില (°C ) | 24 | 24 | 24 | 24 | 24 |
| മേഘവ്യാപ്തി (ഒക്ട) | 3 | 3 | 4 | 4 | 4 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 80 | 80 | 80 | 80 | 80 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 60 | 60 | 60 | 60 | 60 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 6 | 6 | 6 | 6 | 6 |
| കാറ്റിന്റെ ദിശ ( ഡിഗ്രി) | 270 | 270 | 270 | 270 | 270 |

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | വളർച്ചാഘട്ടം/ രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് | | പുഞ്ചകൃഷി ഞാറു പരുവത്തിലാണ്. |
| തെങ്ങ് | പരിചരണ മാർഗ്ഗങ്ങൾ | തെങ്ങിൻതടങ്ങളിൽ ഈർപ്പം നില നിർത്തുന്നതിന് പച്ചയോ, ഉണങ്ങിയതോ ആയ ചകിരി, ഇലകൾ, തെങ്ങോലകൾ എന്നിവ ഉപയോഗിച്ച് തടങ്ങളിൽ പുതയിടുക. തെങ്ങിന്റെ ഏറ്റവും താഴത്തെ ഒന്നോ രണ്ടോ ഓലകൾ വെട്ടിമാറ്റുക. തടിയിൽ ചൂടേൽക്കുന്നത് കുറയ്ക്കാൻ 2 മീറ്റർ ഉയരംവരെ ചുണ്ണാമ്പ് പൂശുക. മണ്ണിന്റെ താപനില ക്രമീകരിക്കാൻ ജൈവാംശം നിലനിർത്തുക. കണിക ജലസേചന രീതി വഴി നനയ്ക്കുക. |
| കുരുമുളക് | - | കുരുമുളക് തണ്ടുകൾ മുറിച്ചു വേരു പിടിപ്പിക്കുന്നതിനായി തവാരണകളിൽ പാകേണ്ട സമയമാണിത്. കൊടിത്തലകൾ മുറിച്ച് 2-3 മുട്ടുള്ള കഷണങ്ങളാക്കി പോളിത്തീൻ ഉറകളിൽ നട്ട് മുളപ്പിക്കാം. പോട്ടിങ്ങ് മിശ്രിതത്തിൽ വാം കൾച്ചർ ചേർക്കുന്നത് ചെടികൾക്ക് കരുത്തും രോഗ പ്രതിരോധ ശക്തിയും കൂട്ടും. |
| പച്ചക്കറികൾ (പാവൽ) | കായീച്ച | കേടു വന്ന കായ്കൾ നശിപ്പിക്കുക. പച്ചക്കറികളിലെ കായീച്ചകളെ നിയന്ത്രിക്കാനുള്ള പ്രത്യേകമായ ഫിറമോൺ കെണിയായ ക്യൂലൂർ 6 എണ്ണം ഒരു ഏക്കറിന് അല്ലെങ്കിൽ തുളസി/പഴക്കെണികൾ ഉപയോഗിക്കുക. എന്നിട്ടും കുറവില്ലെങ്കിൽ 2 മില്ലി മാലത്തിയോൺ ലിറ്റർ ഒന്നിന് 10 ഗ്രാം ശർക്കര ചേർത്ത് പൂക്കുന്ന സമയത്തും കായ് പിടിക്കുന്ന സമയത്തും തളിച്ചു കൊടുക്കണം. |
| മൃഗസംരക്ഷണം | | ഈച്ച, കൊതുക്, ചെള്ള് മുതലായ ബാഹ്യപരാദങ്ങളെ അകറ്റുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുക. (ഇഅഅഉളളഇഇട, ഗഢഅഡഡ, ങമീഊവ്യേ) |